**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2821** **18-03-2022 - ൽ മറുപടിയ്ക്ക്**

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2021-22 ൽ പ്രധാനമന്ത്രി ആവാസ് യോജന(പി.എം.എ.വൈ. റൂറൽ) എസ്.സി.എസ്.പി., നാഷണൽ റൂറൽ ലൈവിലിഹുഡ് മിഷൻ എസ്.സി.എസ്.പി. എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് എത്ര കോടി രൂപ വീതം കേന്ദ്രത്തിൽ നിന്നും പട്ടിക ജാതിക്കാർക്ക് വേണ്ടി ലഭ്യമാക്കാൻ കഴിഞ്ഞു എന്ന് അറിയിക്കാമോ; അതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കമോ; | (എ) | ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവനപദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമീൺ) യ്ക്ക് 2021-22 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമായിട്ടില്ല. 2021-22 സാമ്പത്തിക വർഷം നാഷണൽ റൂറൽ ലൈവിലി ഹുഡ് മിഷൻ എസ്.സി.എസ്.പി ഹെഡ്ഡിൽ കേന്ദ്ര വിഹിതമായി 32.84 കോടി രൂപയും സംസ്ഥാന വിഹിതമായി 21.90 കോടി രൂപയും ചേർത്ത് ആകെ 54.74 കോടി രൂപ ലഭ്യമായിട്ടുണ്ട്. അതിൽ 26.72 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ പട്ടികജാതിക്കാർക്ക് 2020-21 ൽ നേടാനായ സാമ്പത്തിക നേട്ടവും ഭൗതിക നേട്ടവും വ്യക്തമാക്കാമോ? | (ബി) | 2020-21 വർഷം പട്ടികജാതി വിഭാഗക്കാർക്ക് പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതി പ്രകാരം 281.28 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ടി വർഷം 260 വീടുകൾ അനുവദിക്കുകയും മുൻ വർഷത്തേതുൾപ്പെടെ ടി വർഷം 227 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ റൂറൽ ലൈവിലിഹുഡ് മിഷനിൽ 2020-21 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 23.05 കോടി രൂപയും സംസ്ഥാന വിഹിതമായി 25.71 കോടി രൂപയും ചേർത്ത് ആകെ 48.76 കോടി രൂപ ലഭ്യമായിട്ടുണ്ട്. അതിൽ 42.18 കോടി രൂപ ചെലവായിട്ടുണ്ട്. ടി സാമ്പത്തിക വർഷം സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നുള്ള 455 പട്ടികജാതി വിഭാഗത്തിലെ അയൽക്കൂട്ടങ്ങൾക്കായി മേൽ തുക വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ